**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 157** **07-06-2021 - ല്‍ മറുപടിയ്ക്ക്**

**ലൈഫ് മിഷന്‍ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുണ്‍ കുമാര്‍ | | Shri M. V. Govindan Master<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് മിഷന്‍ പദ്ധതിയിലുള്‍പ്പെടുത്തി മാവേലിക്കര തഴക്കരയില്‍ നിര്‍മ്മിക്കുന്ന ഫ്ളാറ്റിന്റെ നിര്‍മ്മാണ പുരോഗതി വിശദമാക്കുമോ? | (എ) | 2018- ലെ പ്രളയത്തെ തുടര്‍ന്ന് സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്ന കെയര്‍ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തില്‍ ഉള്‍പ്പെടുത്തി ഏറ്റെടുക്കുന്ന ഫ്ലാറ്റ് നിര്‍മ്മാണത്തിന് ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 151 സെന്റ് സ്ഥലം പഞ്ചായത്ത്, സഹകരണവകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത നിര്‍മ്മാണം ആരംഭിച്ചിട്ടില്ല. ടി ഭവന സമുച്ചയത്തിന്റെ നിര്‍മ്മാണം സംബന്ധിച്ചുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നത് സഹകരണ വകുപ്പാണ്. സഹകരണ വകുപ്പിന്റെ നിര്‍ദ്ദേശാനുസരണം ലൈഫ് മിഷന്‍ കെയര്‍ ഹോം പദ്ധതിക്കുവേണ്ടി സ്ഥലം കണ്ടെത്തി നല്‍കുക മാത്രമാണ് ചെയ്തിട്ടുള്ളത്. |

സെക്ഷന്‍ ഓഫീസര്‍